

ബാര പച്ചക്കറി ക്ലസ്റ്റർ പ്രവർത്തകർ മേൽബാര വയലിൽ നടത്തുന്ന വെണ്ടക്കൃഷി

# കർഷക കൂട്ടായ്മയുടെ വിജയഗാഥയറിയാൻ

# വരൂ, ബാരയിലേക്ക്

ഉദുമ: ജൈവകൃഷിയുടെ മേന്മയറിഞ്ഞ കർഷകക്കൂട്ടായ്മയുടെ വിജയഗാഥയറിയണമെങ്കിൽ ഉദുമ ബാരയിൽ പോകണം. അഞ്ചര ഹെക്ടറോളം വയലിൽ തഴച്ചുവളരുന്ന വിവിധയിനം പച്ചക്കറികളുടെ വിളവെടുപ്പിലൂടെ എഴുപതോളം കർഷക കുടുംബങ്ങൾ ഇവിടെ വലിയ ബുദ്ധിമുട്ടില്ലാതെ ജീവിക്കുന്നു. ഉദുമ കൃഷിഭവനുകീഴിലെ ബാര പച്ചക്കറി ക്ലസ്റ്ററിന്റെ പ്രവർത്തകരാണ് വയലിൽ പച്ചക്കറിക്കൃഷി നടത്തുന്നത്. ബാര, ആടിയത്ത്, മുല്ലച്ചേരി, മാങ്ങാട്, എന്നിവിടങ്ങളിലാണ് കൃഷിയിറക്കിയിട്ടുള്ളത്.

പയർ, പാവൽ, വെണ്ട, വഴുതന, കോവൽ, നരമ്പൽ, ചീര, പച്ചമുളക്, മധുരക്കിഴങ്ങ്, മത്തൻ, കുമ്പളം, വെള്ളരി, പടവലം തുടങ്ങി മിക്കയിനം പച്ചക്കറികളും ഇവിടെയുണ്ട്. പയർ, വെണ്ട, മത്തൻ, വെള്ളരി എന്നിവയിൽനിന്നും മികച്ച വിളവ് ലഭിക്കുന്നു.

പൂർണമായും ജൈവകൃഷിയാണ് ഇവർ നടത്തുന്നത്. രാസവളത്തിനുപകരം ചാണകവും, പച്ചിലയും വേപ്പിൻപിണ്ണാക്കും, ജീവാമൃതവുമാണ് ഉപയോഗിക്കുന്നത്.

നന്മ, മേന്മ, ശക്തി, വേപ്പെണ്ണ തുടങ്ങിയ ജൈവ കീടനാശിനികൾ ഒന്നിടവിട്ട ദിവസങ്ങളിൽ പ്രയോഗിച്ച് കീടങ്ങളെ തുരത്താനും ഇവിടത്തെ ഗ്രാമീണർ പഠിച്ചുകഴിഞ്ഞു.

ഉദുമ കൃഷിഭവനുകീഴിൽ കഴിഞ്ഞവർഷമാണ് കർഷകക്കൂട്ടായ്മ രൂപവത്കരിച്ചത്. പ്രവർത്തനമികവിന് അംഗീകാരമായി ആ വർഷം തന്നെ എ ഗ്രേഡും കിട്ടി.

പച്ചക്കറിയുടെ വിപണികണ്ടെത്തലാണ് ഇവിടെയും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത്. ചെർക്കളവരെയുള്ള ചെറു പട്ടണങ്ങളിലെ കടകളിൽ കിട്ടിയവിലയ്ക്ക് വില്ക്കേണ്ട ഗതികേട് നിലവിലുണ്ടെന്ന് കർഷകർ പറഞ്ഞു.

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ പോലുള്ള ഏജൻസികൾ വിപണി കണ്ടെത്താൻ കർഷകരെ സഹായിക്കുന്നില്ലെന്നുള്ള പരാതിയും കർഷകർക്കുണ്ട്. എ ഗ്രേഡ് ലഭിച്ചതുകൊണ്ട് സ്വന്തംനിലയിൽ വിപണനകേന്ദ്രം തുടങ്ങാൻ 6.30 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ ഉദുമയിലോ, പാലക്കുന്നിലോ വിപണനകേന്ദ്രം തുറക്കാനുള്ള ശ്രമവും കർഷകർ തുടങ്ങിക്കഴിഞ്ഞു. സ്വന്തമായുള്ള സ്ഥലത്തിനൊപ്പം, പാട്ടത്തിനെടുത്ത വയലിലും കൃഷിയിറക്കിയിട്ടുണ്ട്.

ഉദുമ കൃഷിഭവനിലെ കൃഷിഓഫീസർ കെ.എൻ.ജ്യോതികുമാരിയും സഹപ്രവർത്തകരും, കാസർകോട് സി.പി.സി.ആർ.ഐ.യിലെ ശാസ്ത്രജ്ഞ ഡോ. കെ.ലീനയും വേണ്ട നിർദേശങ്ങൾ നല്കുന്നതും കർഷകർക്ക് സഹായകമാകുന്നു. എം.കൊട്ടൻ പ്രസിഡന്റും, കെ.ഹരിഹരൻ കൺവീനറുമായ ഒമ്പതംഗ കമ്മിറ്റിയാണ് കർഷകക്കൂട്ടായ്മയെ നിയന്ത്രിക്കുന്നത്.